ട്രാവലിംഗ് അലവൻസ്

* 815 [8] ശ്രീ. എം. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തെ വകുപ്പ് അദ്ധ്യക്ഷന്മാരുടെ ട്രാവലിംഗ് അലവൻസ് സംബന്ധിച്ച് വല്ല പരിധിയും നിശ്ചയിച്ചിട്ടുണ്ടോ :

(ബി) ഉണ്ടെങ്കിൽ എന്ത് ;

(സി) ആനിമൽ ഹസ്ബൻഡറി ഡയറക്ടർ ഈ വർഷം ഡിസംബർ അവസാനംവരെ വാങ്ങിയിട്ടുള്ള ട്രാവലിംഗ് അലവൻസ് എത്ര ;

(ഡി) ടിയാന്റെ പ്രതിമാസശമ്പളം തുടങ്ങിയ മറ്റു വേതനങ്ങൾ എത്ര ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ, ബി) ഉണ്ട്. ഇതു സംബന്ധിച്ച് ഗവണ്മെന്റു പുറപ്പെടുവിച്ചിട്ടുള്ള രണ്ട് ഉത്തരവുകളുടെ കോപ്പികൾ മേശപ്പുറത്തുവച്ചിട്ടുണ്ട്.*

(സി) 5268 രൂപാ 81 ന.പ

(ഡി)

ശമ്പളം	1,000	രൂപാ.
ഡിയർനസ് പേ	60	,,
അലവൻസ്	40	,,
ആകെ	1,100	,,

പ്രതിരോധനിധിപ്പിരിവ്

* 816. [9] ശ്രീ. കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔദ്യോഗിക ഏജൻസികൾ മുഖാന്തരമല്ലാതെ പ്രതിരോധനിധിപ്പിരിവ് നടത്തരുതെന്ന് ഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) അതിനു വിപരീതമായി കാൺഗ്രസ് സംഘടനയുടെ ചില പ്രാദേശിക ഘടകങ്ങൾക്ക് പ്രസ്തുത സംഘടനയുടെതന്നെ രസീതുപയോഗിച്ച് പ്രതിരോധഫണ്ട് പിരിക്കുവാൻ ഗവണ്മെന്റു അനുമതി നൽകീട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം ഘടകങ്ങൾക്ക്;

(ഡി) അനൗദ്യോഗിക പിരിവു നടത്തിയിട്ടുള്ള ഘടകങ്ങളുടേയോ വ്യക്തികളുടേയൊ പേരിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) പ്രതിരോധനിധിപ്പിരിവ് നടത്തേണ്ടതു ആരെല്ലാം എന്ന് ഗവണ്മെന്റു പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ മറ്റു ഏജൻസികൾ മുഖാന്തിരം പിരിവു നടത്തരുതെന്നു പ്രഖ്യാപിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ആക്ഷേപം കിട്ടിയ കേസുകളിൽ വേണ്ട നടപടികൾ എടുത്തിട്ടുണ്ട്.

മിസ്റ്റർ സ്പീക്കർ : ചോദ്യം 17ന് കൂടി ഉത്തരം പറയണം.

---

* Appendix II

LIBRARY ARCHIVES Kerala Legislative Assembly